**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 737** **08-10-2024 - ൽ മറുപടിയ്ക്ക്**

**കാർഷിക ഗ്രാമവികസന ബാങ്കുകളിൽ പൊതു സോഫ്റ്റ്‌വെയർ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. റോജി എം. ജോൺ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | കാർഷിക ഗ്രാമവികസന ബാങ്കുകളിൽ കേന്ദ്രത്തിന്റെ പൊതു സോഫ്റ്റ്‌വെയർ പദ്ധതി നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | രാജ്യത്തെ പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾക്കായി കേന്ദ്ര സർക്കാർ തയ്യാറാക്കുന്ന കോമൺ സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി കാർഷിക ഗ്രാമവികസന ബാങ്കുകൾക്ക് നൽകാനാണ് കേന്ദ്ര സർക്കാർ ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ ഇംപ്ലിമെന്റിംഗ് ഏജൻസിയായി നബാർഡിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാനം ഈ പദ്ധതിയുടെ ഭാഗമാകുന്നത് സംബന്ധിച്ച് അന്തിമ തീരുമാനം ഇതുവരെയും സ്വീകരിച്ചിട്ടില്ല. |
| (ബി) | സംസ്ഥാനത്തെ പ്രാഥമിക സഹകരണ ബാങ്കുകളിൽ കേന്ദ്രസർക്കാർ ചെലവിൽ പൊതു സോഫ്റ്റ്‌വെയർ നടപ്പാക്കുന്ന പദ്ധതിയെ സംസ്ഥാന സർക്കാർ എതിർക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ; | (ബി) | കേന്ദ്ര സർക്കാർ രാജ്യത്തെ പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾക്കായി ഏകീകൃത സോഫ്റ്റ്‌വെയർ പദ്ധതി നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുന്നതിന് വളരെ മുൻപേ തന്നെ കേരളം സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾക്കായി ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും, RFP പ്രകാരമുള്ള ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തിരുന്നു. മാത്രമല്ല കേന്ദ്രം തയ്യാറാക്കിയിട്ടുള്ള സോഫ്റ്റ് വെയർ കേരളത്തിലെ പ്രാഥമിക കാർഷിക വായ്പ സംഘങ്ങളുടെ നിലവിലത്തെ പ്രവർത്തന വൈപുല്യത്തിന് അനുസരിച്ച് പര്യാപ്തമല്ല എന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഈ തീരുമാനത്തിലേയ്ക്ക് എത്തിയത്. |
| (സി) | സഹകരണ ബാങ്കുകളിലെ ഡാറ്റ കേന്ദ്രം കയ്യടക്കുമെന്ന ആശങ്ക കാർഷിക ഗ്രാമ വികസന ബാങ്കുകൾക്ക് പൊതു സോഫ്റ്റ്‌വെയർ സ്ഥാപിക്കുന്ന നടപടിയിൽ ഉണ്ടാകാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (സി) | കാർഷിക ഗ്രാമ വികസന ബാങ്കുകൾക്ക് കേന്ദ്ര സോഫ്റ്റ് വെയർ നടപ്പിലാക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | പ്രാഥമിക സഹകരണ ബാങ്കുകൾക്ക് സംസ്ഥാനത്ത് പ്രത്യേകം പൊതു സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിനായി എത്ര കോടി രൂപ ചെലവഴിച്ചുവെന്നും ഏത് സ്വകാര്യ കമ്പനിക്കാണ് ടെൻഡർ നൽകിയതെന്നും വ്യക്തമാക്കുമോ ? | (ഡി) | പ്രാഥമിക സഹകരണ ബാങ്കുകൾക്ക് പൊതു സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിനായി നിലവിൽ തുകയൊന്നും ചിലവഴിച്ചിട്ടില്ല. TCS സമർപ്പിച്ച പ്രൊപ്പോസൽ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്പനിയുമായി കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ